ആദരിച്ചു

വർക്കല

കേരള കരാട്ടെ അസോസിയേഷൻ ജനറൽ സെക്രട്ടറിയായി തെരഞ്ഞടുത്ത ഉണ്ണികൃഷ്ണൻ ചാലക്കുടിയെയും പ്രസിഡന്റായി തെരഞ്ഞെടുത്ത കൊല്ലം രഘു കുമാറിനെയും വർക്കല കരാട്ടെ സെന്ററിന്റെയും വിവി കരാട്ടെയുടെയും ആഭ്യമുഖ്യത്തിൽ എസ് വിജയനും വിമൽ കുമാറും ചേർന്ന് ആദരിച്ചു.

നഴ്സ് നിയമനം 16ന്

വർക്കല

ഇടവ പഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതി നടത്തിപ്പിനായി സ്റ്റാഫ് നഴ്സിനെയും ഫാർമസിസ്റ്റിനെയും ആവശ്യമുണ്ട്. പ്രവൃത്തി പരിചയമുള്ള പഞ്ചായത്ത് നിവാസികൾക്കു മുൻഗണന. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പ് സഹിതം 16ന് പകൽ 11ന് പഞ്ചായത്ത് ഓഫീസിൽ അഭിമുഖത്തിന് എത്തണം.

കാവ്യസംവാദം

ചിറയിൻകീഴ്

മാടൻവിള എസ് ഐയുപി സ്കൂളിൽ വേനലവധി ക്യാമ്പിന്റെ ഭാഗമായി നടന്ന കാവ്യസംവാദം രാധാകൃഷ്ണൻ കുന്നുംപുറം ഉദ്ഘാടനം ചെയ്തു. ക്യാമ്പ് 12ന് സമാപിക്കും. സുൽഫി അധ്യക്ഷനായി. ജനറൽസെക്രട്ടറി ഷെഹിൻ നൗഷാദ്, അനീസ എന്നിവർ സംസാരിച്ചു.

പുസ്തകം പ്രകാശിപ്പിച്ചു

വർക്കല

തനിമ സുഭാഷിന്റെ 'ഏത് ഋതുവിനും വസന്തമാവാൻ കഴിയും' കവിതാ സമാഹാരം മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ എഴുത്തുകാരി ഗീത നസീറിന് കൈമാറി പ്രകാശിപ്പിച്ചു. പി കെ മണി ശങ്കർ പുസ്തകം പരിചയപ്പെടുത്തി. വി രഞ്ജിത്ത് അധ്യക്ഷനായി. സുധീഷ് രാഘവൻ, എം പി അജിത് കുമാർ, ജി നവീൻ, തനിമ സുഭാഷ്, ടി കെ പ്രഭാകരൻ, എൻ ബി സുരേഷ് എന്നിവർ സംസാരിച്ചു.

ജി സുനിൽകുമാർ അനുശോചന യോഗത്തിൽ ഡി കെ മുരളി എംഎൽഎ സംസാരിക്കുന്നു

അനുശോചന യോഗം

വെഞ്ഞാറമൂട്

സിപിഐ എം വെട്ടുവിള ബ്രാഞ്ച് സെക്രട്ടറി ജി സുനിൽകുമാറിന്റെ നിര്യാണത്തിൽ അനുശോചിച്ച് യോഗം ചേർന്നു. വയ്യേറ്റ് അനിൽ അധ്യക്ഷനായി.

ജില്ലാ സെക്രട്ടറിയറ്റ് അംഗം ഡി കെ മുരളി എംഎൽഎ, ഏരിയ സെക്രട്ടറി ഇ എ സലിം, നെല്ലനാട് പഞ്ചായത്ത് പ്രസിഡന്റ് ബീനാ രാജേന്ദ്രൻ, വൈ വി ശോഭകുമാർ, ബി അസീനബീവി, കെ ബാബുരാജ്, മക്കാംകോണം ഷിബു, എസ് സുധീർ, ആർ ഉഷാകുമാരി, എൽ എസ് മഞ്ജു, സെൻ വി ചന്ദ്രൻ എന്നിവർ സംസാരിച്ചു. സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി, ഒ എസ് അംബിക എംഎൽഎ എന്നിവർ വീട്ടിലെത്തി അന്തിമോപചാരം അർപ്പിച്ചു.

ഗുരുധർമ പ്രചാരണസഭയിൽ അംഗമായ മന്ത്രി പി പ്രസാദിനുള്ള സർട്ടിഫിക്കറ്റ് ശിവഗിരി മഠം പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ കൈമാറുന്നു. സ്വാമി ശുഭാംഗാനന്ദ, പ്രൊഫ. എസ് ശിശുപാലൻ തുടങ്ങിയവർ സമീപം

സൈനിക് സ്കൂളിൽ ഒഴിവുകൾ

തിരുവനന്തപുരം

കഴക്കൂട്ടം സൈനിക് സ്കൂളിൽ ആർട്ട് മാസ്റ്റർ, മേട്രൺ, വാർഡ് ബോയ് എന്നീ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കരാർ അടിസ്ഥാനത്തിലാണ് നിയമനം. ജൂൺ 20 വരെ അപേക്ഷിക്കാം. വെബ്സൈറ്റ്: www.sainikschooltvm.nic.in.

ആർട്ടിസാൻസ് യൂണിയൻ മാർച്ചും ധർണയും 18ന്

തിരുവനന്തപുരം

ആർട്ടിസാൻസ് യൂണിയൻ (സിഐടിയു) നേതൃത്വത്തിൽ 18ന് നിർമാണ തൊഴിലാളി ക്ഷേമനിധി ചീഫ് ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തും.

പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി നൽകാൻ തൊഴിലുടമ സെസ് തദ്ദേശ സ്ഥാപനങ്ങൾ വഴി സമാഹരിക്കാനുള്ള തീരുമാനം നടപ്പാക്കുക, കുടിശ്ശിക പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുക, പെൻഷനും ആനുകൂല്യങ്ങളും വർധിപ്പിക്കുക, അർഹരായ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ കാലതാമസം കൂടാതെ അംഗത്വം അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം.

രാവിലെ പത്തിന് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യും.

മധ്യവയസ്കനെ മർദിച്ച് കൊന്ന 3 പേർ പിടിയിൽ

ഇന്ന് കോടതിയിൽ ഹാജരാക്കും

കിളിമാനൂർ

മരിച്ച പുഷ്കരൻ

മദ്യപസംഘത്തിന്റെ മർദനമേറ്റ് മധ്യവയസ്കൻ മരിച്ച സംഭവത്തിൽ മൂന്നുപേർ അറസ്റ്റിൽ. ചെങ്കിക്കുന്ന് കുറിയിടത്തുകോണം ചരുവിള പുത്തൻ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന പുഷ്കരനെ(45) ഞായർ രാത്രി എട്ടോടെയാണ് മൂവർസംഘം മർദിച്ചു കൊന്നത്. സംഭവത്തിൽ കുറിയടത്തുകോണം ചരുവിളവീട്ടിൽ സുജിത്ത് (32), കണ്ണയംകോട് പെരിങ്ങോലി ചരുവിള വീട്ടിൽ ഗോകുൽ എന്ന അഭിലാഷ് (25), കണ്ണയംകോട് പെരിങ്ങോലി പ്രസന്ന വിലാസത്തിൽ കണ്ണപ്പൻ എന്ന വിഷ്ണു (34) എന്നിവരെയാണ് നഗരൂർ പൊലീസ് പിടികൂടിയത്. ഇവരെ ചൊവ്വാഴ്ച ആറ്റിങ്ങൽ കോടതിയിൽ ഹാജരാക്കും.

ഞായർ രാത്രി എട്ടോടെയാണ് കുറിയിടത്തുകോണം മേലേമഠത്തിനു സമീപംവച്ച് പുഷ്കരനെ മർദിച്ചത്. പുഷ്കരനും മകൻ ശിവയും ബൈക്കിൽ ബന്ധുവീട്ടിൽ പോയി മടങ്ങിയെത്തിയതായിരുന്നു. ബൈക്ക് പാർക്ക്ചെയ്യുന്നതിനായി പുഷ്കരൻ കുറിയിടത്ത് മഠത്തിന് സമീപംഎത്തി. ഇവിടെയുണ്ടായിരുന്ന ബന്ധു വേണുവുമായി പുഷ്കരൻ സംസാരിച്ചുനിൽക്കവെയാണ് മൂവർസംഘത്തിന്റെ ആക്രമണം. ഇവർക്കുനേരെ ഗ്ലാസ് എറിഞ്ഞ് പ്രകോപനമുണ്ടാക്കിയ ശേഷം പുഷ്കരനെയും വേണുവിനെയും മർദിക്കുകയായിരുന്നു. തലയ്ക്ക് പരിക്കേറ്റ പുഷ്കരനെ ആദ്യം കേശവപുരം സാമൂഹിക ആരോഗ്യ കേന്ദ്രത്തി

സുജിത്

വിഷ്ണു

അഭിലാഷ്

ലും തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിച്ചെങ്കിലും മരിച്ചു. വേണു ചികിത്സയിലാണ്.

അപ്പൂപ്പൻകാവിലെ ക്ഷേത്രോത്സവ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഒന്നാം പ്രതി സുജിത്തുമായി വേണുവും പുഷ്കരനും തർക്കമുണ്ടായിരുന്നതായി പൊലീസ് പറഞ്ഞു. ആറ്റിങ്ങൽ സിഐ തൻസീം അബ്ദുൾ സമദിന്റെ നേതൃത്വത്തിലാണ് അന്വേഷണം. പുഷ്കരന്റെ മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മാർട്ടത്തിനുശേഷം വീട്ടുവളപ്പിൽ സംസ്കരിച്ചു. സുനിതയാണ് ഭാര്യ.

ലാപ്ടോപ്, പഠനക്കിറ്റ് വിതരണം

തിരുവനന്തപുരം

മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി അംഗങ്ങളുടെ മക്കൾക്ക് സൗജന്യ ലാപ്ടോപ്, പഠനക്കിറ്റ് വിതരണം നടത്തും. 2021 –22, 2022– 23 അധ്യയന വർഷത്തിൽ എൻജിനിയറിങ്ങിൽ എംബിബിഎസ്, ബിഎസ്സി അഗ്രികൾച്ചർ, വെറ്ററിനറി സയൻസ്, ബിഎഎംഎസ്, ബിഎച്ച്എംഎസ്, എംസിഎ, എംബിഎ, ബിഎസ്സി നഴ്സിങ്, എംഎസ്സി നഴ്സിങ് എന്നീ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ലാപ്ടോപ്പും ഒന്നു മുതൽ ഏഴ് വരെ പഠിക്കുന്ന കുട്ടികൾക്ക് പഠനക്കിറ്റുമാണ് നൽകുക. അവസാന തീയതി 12. അപേക്ഷയും മറ്റ് വിവരങ്ങളും ജില്ലാ ഓഫീസുകളിലും kmtwwfb.org ലും ലഭിക്കും.

ശതാബ്ദികൾ ആചരിച്ചു

വർക്കല

ചട്ടമ്പി സ്വാമി സമാധി ശതാബ്ദിയും മഹാകവി കുമാരനാശാന്റെ നിർവാണ ശതാബ്ദിയും ശിവഗിരിയിൽ ആചരിച്ചു. 61–ാമത് ശ്രീനാരായണ ധർമ മീമാംസാപരിഷത്തിന്റെ ഭാഗമായി നടന്ന പരിപാടിയിൽ ശിവഗിരി മഠം പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ ചട്ടമ്പി സ്വാമി സ്മൃതി പ്രഭാഷണം നടത്തി. ചട്ടമ്പിസ്വാമിയും ശ്രീനാരായണഗുരുവും തമ്മിലുണ്ടായിരുന്ന ആത്മസൗഹൃദ ബന്ധത്തെയും ഇരുവരും രചിച്ച കൃതികളെയും ആസ്പദമാക്കി സച്ചിദാനന്ദ സ്വാമി യോഗത്തിൽ വിശദീകരിച്ചു. ഗുരുവിന്റെ മഹാനായ ശിഷ്യനെന്ന നിലയിൽ ആശാനിൽ ഗുരുദേവൻ ചെലുത്തിയ സ്വാധീനം എന്ന വിഷയത്തിൽ ഡോ. അജയ്ശേഖർ ആശാൻ സ്മൃതി പ്രഭാഷണം നടത്തി. ആശാൻ ശതാബ്ദി ഗുരുധർമ പ്രചാരണസഭയുടെ ആഭിമുഖ്യത്തിൽ രാജ്യമൊട്ടാകെ സംഘടിപ്പിക്കുവാൻ ഗുരുധർമ പ്രചാരണസഭ തീരുമാനിച്ചു.

വിവാഹം

വർക്കല

പാരിപ്പള്ളി പാമ്പുറം കൃഷ്ണ ഭവനിൽ ബി സുദർശനന്റെയും എം ബിന്ദുമോളുടെയും മകൾ ദൃശ്യയും ആറ്റിങ്ങൽ മാർക്കറ്റ് റോഡ് ജെപി വില്ലയിൽ എൽ ജയകുമാറിന്റെയും ബി പ്രമീളയുടെയും മകൻ ശരത് ജെ കുമാറും വിവാഹിതരായി. ശിവഗിരി ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, മുൻ ജനറൽ സെക്രട്ടറി സ്വാമി ഋതംഭരാനന്ദ തുടങ്ങിയവർ പങ്കെടുത്തു.

തനിമ സുഭാഷിന്റെ 'ഏത് ഋതുവിനും വസന്തമാവാൻ കഴിയും' കവിതാ സമാഹാരം മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ എഴുത്തുകാരി ഗീത നസീറിന് നൽകി പ്രകാശിപ്പിക്കുന്നു

വാർഷികാഘോഷം

കിളിമാനൂർ

റസിഡന്റ്സ് അസോസിയേഷനുകളുടെ കൂട്ടായ്മയായ ഫോറം ഓഫ് റസിഡന്റ്സ് അസോസിയേഷൻസ് കിളിമാനൂരിന്റെ വാർഷികാഘോഷം നടന്നു. സാംസ്കാരിക സമ്മേളനം സിനിമാ സംവിധായകൻ നേമം പുഷ്പരാജ് ഉദ്ഘാടനം ചെയ്തു. മോഹൻ വാലഞ്ചേരി അധ്യക്ഷനായി. പഠനോപകരണ വിതരണം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി പി മുരളിയും മെറിറ്റ് അവാർഡ് വിതരണം ജില്ലാ പഞ്ചായത്ത് അംഗം ജി ജി ഗിരികൃഷ്ണനും നിർവഹിച്ചു. ചിത്രകാരൻ ശ്രീരാഗം ഭാസിയെ അനുമോദിച്ചു. ടി ചന്ദ്രബാബു, ജി ചന്ദ്രബാബു തുടങ്ങിയവർ സംസാരിച്ചു. വിവിധ റസിഡന്റ്സ് അസോസിയേഷനുകളിലെ കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ അരങ്ങേറി.

ചാനൽ സിനിമ

കൈരളി
6.30 സിംഹക്കുട്ടി
9.00 KEDI
12.00 മെഗാ ക്രൊക്കൊഡയിൽ
4.00 പോക്കിരിരാജ
6.30 ഐജി
10.00 ജോസഫ്

വി
7.00 നീലഗിരി
9.30 വനമകൻ
3.00 തച്ചിലേടത്തു ചുണ്ടൻ
6.00 വരവേൽപ്
9.00 പിൻഗാമി
11.45 രുദ്ര

ഏഷ്യാനെറ്റ്
9.30 കാര്യസ്ഥൻ

ഏഷ്യാനെറ്റ് മൂവീസ്
7.00 തുറുപ്പുഗുലാൻ
10.00 പൊറിഞ്ചു മറിയം ജോസ്
1.00 ഗോഡ് ഫാദർ
4.00 റോബിൻഹുഡ്
7.00 2 കൺട്രീസ്
10.30 ചിത്രം

സൂര്യ
8.30 കസ്തൂരിമാൻ
2.30 കംഗാരു

സൂര്യ മൂവീസ്
7.00 ഡിയർ കോമ്രേഡ്
10.00 മത്സരം
1.00 ഭാര്യ
4.00 സദയം
7.00 വിമാനം
10.00 വിധി

സ്മാർട്ട് ഗാബേജ് ആപ്

വർക്കല

ഒറ്റൂർ പഞ്ചായത്തിൽ ഹരിത മിത്രം സ്മാർട്ട് ഗാബേജ് ആപ്പിന്റെ ക്യൂആർ കോഡ് പതിപ്പിക്കലും പ്രചാരണ ജാഥയും പ്രസിഡന്റ് പി ബീന ഉദ്ഘാടനം ചെയ്തു. ശുചിത്വ മിഷൻ ആർപി ശാന്തകുമാരി, ഹരിത കേരളം മിഷൻ ആർപി രമ്യ തുടങ്ങിയവർ സംസാരിച്ചു.

മുത്തശ്ശിമാർക്ക് ആദരവ് ഇന്ന്

ചേരപ്പള്ളി

പറണ്ടോട് മലയൻതേരി നവചേതന വനിതാവേദി മുത്തശ്ശിമാരെ ആദരിക്കുന്നു. ചൊവ്വ പകൽ 12ന് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധു ആദരവ് ഉദ്ഘാടനം ചെയ്യും. ആര്യനാട് കമ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഡോ. രാധിക മുഖ്യാതിഥിയാകും. വനിതാവേദി പ്രസിഡന്റ് ശാലിനി അധ്യക്ഷയാകും.

പകൽ വീട് കുത്തിത്തുറന്ന് മോഷണം

കിളിമാനൂർ

വരിക്കപള്ളി കോണത്ത് പട്ടാപ്പകൽ വീട് കുത്തിത്തുറന്ന് കാൽ ലക്ഷം രൂപയോളം കവർന്നു. തോപ്പിൽ വീട്ടിൽ അയ്യപ്പന്റെ വീട്ടിലാണ് കവർച്ച. പശുക്കറവയും പാൽ കച്ചവടവും ആണ് അയ്യപ്പന്. പകൽ മൂന്നുവരെ അദ്ദേഹം വീട്ടിൽ ഉണ്ടായിരുന്നു. മൂന്നിനും നാലേ കാലിനും ഇടയിലാണ് കവർച്ച. അയ്യപ്പന്റെ ഭാര്യ ഈ സമയം വീട്ടിലില്ലായിരുന്നു.

എംഡിഎംഎയുമായി 3 പേർ പിടിയിൽ

കിളിമാനൂർ

പിടിയിലായവർ

എംഡിഎംഎയുമായി മൂന്ന് യുവാക്കളെ പൊലീസ് അറസ്റ്റ് ചെയ്തു. പുളിമാത്ത് താളിക്കുഴി മഞ്ഞപ്പാറ അനു(26, തേജ) മിതൃമ്മല മഠത്തുവാതുക്കൽ കുന്നിൻപുറത്ത് വീട്ടിൽ അനന്തകൃഷണൻ(24), വാമനപുരം കോട്ടപുത്തൻവിള വീട്ടിൽ മുഹമ്മദ് അൽത്താഫ്(28) എന്നിവരാണ് പിടിയിലായത്.

ജില്ലാ പൊലീസ് മേധാവിയുടെ ലഹരി വിരുദ്ധ സേനയും കിളിമാനൂർ പൊലീസും ചേർന്നാണ് പ്രതികളെ അറസ്റ്റ്ചെയ്തത്. 15 ഗ്രാം എംഡിഎംഎ ഇവരിൽ നിന്നും കണ്ടെടുത്തു. രഹസ്യവിവരത്തെ തുടർന്ന് ഞായർ രാത്രിയിൽ നടത്തിയ വാഹന പരിശോധനയിലാണ് പ്രതികൾ പിടിയിലായത്.

വെള്ളം ചോദിച്ചെത്തി വയോധികയെ മർദിച്ച് മാല കവർന്നയാൾ പിടിയിൽ

കാട്ടാക്കട

ഷാജി

കുടിക്കാൻ വെള്ളം ചോദിച്ചശേഷം വെള്ളവുമായെത്തിയ വയോധികയെ മർദിച്ച് സ്വർണ മാല പിടിച്ചുപറിച്ച് കടന്നയാൾ അറസ്റ്റിൽ. കണ്ടല അരുമാളൂർ മേലേവിള ഫസിൽ മൻസിലിൽ ഷാജി (44, പാണ്ടി സക്കീർ) ആണ് അറസ്റ്റിലായത്. ഇയാളെ റിമാൻഡ് ചെയ്തു.

അരുമാളൂർ മയൂരം വീട്ടിൽ അരുന്ധതി (85) യെയാണ് ഇയാൾ മർദിച്ചത്. 2022 നവംബർ 21നാണ് സംഭവം. വീട്ടിൽ ആരുമില്ലാതിരുന്ന സമയത്ത് പകൽ 11.30 ഓടെയാണ് ഷാജി വെള്ളം ചോദിച്ചെത്തിയത്. അരുന്ധതി വെള്ളവുമായി എത്തിയപ്പോൾ ഇയാൾ അകത്തേക്ക് കയറി കഴുത്തിന് പിടിക്കുകയും മർദിക്കുകയും മാല കവരുകയുമായിരുന്നു. മുഖത്തെ എല്ലുകൾക്ക് ക്ഷതം സംഭവിച്ച അരുന്ധതി ദീർഘനാൾ ചികിത്സയിലായിരുന്നു. മാസങ്ങളോളം നീണ്ട നിരീക്ഷണത്തിന് ശേഷമാണ് മാറനല്ലൂർ പൊലീസ് ഷാജിയെ പിടികൂടിയത്.

എഡിഎസ് വാർഷികം

ചിറയിൻകീഴ്

കിഴുവിലം പഞ്ചായത്ത് നൈനാംകോണം വാർഡ് കുടുംബശ്രീ എഡിഎസ് വാർഷികം വി ശശി എംഎൽഎ ഉദ്ഘാടനം ചെയ്തു. എഡിഎസ് ചെയർപേഴ്സൺ ശിവകുമാരി അധ്യക്ഷയായി. കവി രാധാകൃഷ്ണൻ കുന്നുംപുറം പ്രഭാഷണം നടത്തി. ജി ഗോപകുമാർ, അനീഷ്, സുജ, ഗീതകുമാരി, ഷീബ, ശാന്തി, ദിവ്യ എന്നിവർ സംസാരിച്ചു. വിവിധരംഗങ്ങളിൽ പ്രവർത്തനമികവുകാട്ടിയവരെ ആദരിച്ചു. കുടുംബശ്രീ അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

ഓഫീസ് നിർമാണ ഫണ്ട് നൽകി

ചിറയിൻകീഴ്

വിവാഹ ദിനത്തിൽ നവ ദമ്പതികൾ സിപിഐ എം ഓഫീസ് നിർമാണ ഫണ്ടിലേക്ക് സംഭാവന നൽകി. സിപിഐ എം കടയ്ക്കാവൂർ ലോക്കൽ കമ്മിറ്റിയിലെ കല്ലൂർക്കോണം ബ്രാഞ്ച് സെക്രട്ടറി നസീറിന്റെയും റംല ബീവിയുടെയും മകൻ അൻസറും വധു ഷഹാനയുമാണ് വിവാഹവേദിയിൽ വച്ച് സിപിഐ എം കടയ്ക്കാവൂർ ലോക്കൽ കമ്മിറ്റി ഓഫീസ് നിർമാണ ഫണ്ടിലേക്ക് സംഭാവന നൽകിയത്. ലോക്കൽ സെക്രട്ടറി അഫ്സൽ മുഹമ്മദ് ഫണ്ട് ഏറ്റുവാങ്ങി.

വിജയൻ പാലാഴിയുടെ പ്രളയം ജീവധാര എന്ന കവിതാ സമാഹാരം കാര്യവട്ടം ശ്രീകണ്ഠൻ നായർ എസ് ജ്യോതിസ് ചന്ദ്രന് നൽകി പ്രകാശിപ്പിക്കുന്നു

കവിതാസമാഹാരം പ്രകാശിപ്പിച്ചു

ആറ്റിങ്ങൽ

വിജയൻ പാലാഴിയുടെ 'പ്രളയം ജീവധാര' എന്ന കവിതാ സമാഹാരം കാര്യവട്ടം ശ്രീകണ്ഠൻ നായർ ജ്യോതിസ് ഗ്രൂപ്പ് ഓഫ് സ്കൂൾസ് ചെയർമാൻ എസ് ജ്യോതിസ് ചന്ദ്രന് നൽകി പ്രകാശിപ്പിച്ചു. സുരേഷ് കൊളാഷ് അധ്യക്ഷനായി.

വി എസ് രാധാദേവി സ്നേഹദീപം തെളിച്ചു. വർക്കല ഗോപാലകൃഷ്ണൻ, സുജ കമല, ബിനു വേലായുധൻ, ആറ്റിങ്ങൽ ഗോപൻ, ബാലചന്ദ്രൻ നായർ, പി സാജൻ കവലയൂർ, എം ആർ മധു, വഞ്ചിയൂർ ഉദയകുമാർ, ദീപക് പ്രഭാകരൻ, കവലയൂർ എസ് താണുവൻ ആചാരി, യു എൻ ശ്രീകണ്ഠൻ തുടങ്ങിയവർ സംസാരിച്ചു.

ചിത്തിര വിലാസം ബോയ്സ് ഹൈസ്കൂൾ ഇനി മുതൽ മിക്സഡ്

ചിറയിൻകീഴ്

ചിത്തിര വിലാസം ബോയ്സ് ഹൈസ്കൂളിൽ ഇനി മുതൽ പെൺകുട്ടികളും പഠിക്കും. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയാണ് പെൺകുട്ടികൾക്ക് ആൺകുട്ടികൾക്കൊപ്പം പഠിക്കാൻ കഴിയുക. ഒരു നൂറ്റാണ്ടോളം പാരമ്പര്യമുള്ള ഈ സ്കൂളിൽ ആയിരത്തോളം വിദ്യാർഥികൾ അഞ്ചു മുതൽ 10 വരെ ക്ലാസുകളിലായി പഠിക്കുന്നുണ്ട്.

സംഘാടക സമിതിയായി

കിളിമാനൂർ

മത്സ്യ അനുബന്ധതൊഴിലാളി ഫെഡറേഷൻ (സിഐടിയു) രാജ് ഭവൻ മാർച്ചിന്റെ പ്രചാരണാർഥമുള്ള അവകാശ സംരക്ഷണ ജാഥയുടെ സ്വീകരണം വിജയിപ്പിക്കാൻ സംഘടാകസമിതിയായി. 17ന് രാവിലെ 9 ന് കിളിമാനൂരിലാണ് ആദ്യ സ്വീകരണം.

സംഘാടക സമിതി രൂപീകരണ യോഗം മത്സ്യ അനുബന്ധ തൊഴിലാളി യൂണിയൻ (സിഐടിയു) ജില്ലാ പ്രസിഡന്റ് വി ലൈജു ഉദ്ഘാടനം ചെയ്തു. നൗഷാദ് അധ്യക്ഷനായി.

സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം ആർ രാമു, തട്ടത്തുമല ജയചന്ദ്രൻ, എം സത്യശീലൻ, കെ വത്സലകുമാർ, ഇ ഷാജഹാൻ, ആർ കെ ബൈജു, സുനിൽ, സാബു എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: കെ വത്സലകുമാർ (ചെയർമാൻ), ഫത്തഹുദീൻ (കൺവീനർ).

അഭിമുഖം

വെഞ്ഞാറമൂട്

കല്ലറ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ വിവിധ ഒഴിവുകളിലേക്ക് അപേക്ഷ അയച്ചവരുടെ അഭിമുഖം ആശുപത്രി കോൺഫറൻസ് ഹാളിൽ 10ന് രാവിലെ ഒമ്പതുമുതൽ നടക്കും.

ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, സെക്യൂരിറ്റി, ഡ്രൈവർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് പകൽ ഒമ്പതുമുതൽ 1.30 വരെയും, ക്ലീനിങ് സ്റ്റാഫ് പകൽ രണ്ടുമുതൽ നാലുവരെയും നടക്കും.

ബാലോത്സവവും
ബാലസംഘം വേനൽതുമ്പി കലാജാഥയ്ക്ക് സ്വീകരണവും

വേനൽത്തുമ്പി കലാജാഥ സമാപനയോഗം ഏരിയ മുഖ്യ രക്ഷാധികാരി തട്ടത്തുമല ജയചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

വേനൽത്തുമ്പി കലാജാഥ സമാപിച്ചു

കിളിമാനൂർ

ബാലസംഘം കിളിമാനൂർ ഏരിയാ കമ്മിറ്റിയുടെ വേനൽത്തുമ്പി കലാജാഥ സമാപിച്ചു. വിവിധ കേന്ദ്രങ്ങളിൽ നൂറുകണക്കിന് ബാലസംഘം കുട്ടികളാണ് കലാജാഥയുടെ ഭാഗമായത്.

പഴയകുന്നുമ്മേൽ മേഖലയിൽ നടന്ന സമാപനയോഗം ഏരിയ മുഖ്യ രക്ഷാധികാരി തട്ടത്തുമല ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മേഖലാ മുഖ്യ രക്ഷാധികാരി എം സത്യശീലൻ, മോഹനചന്ദ്രൻ, എം എസ് സുരേഷ് ബാബു, നഗരൂർ പാർഥസാരഥി, സുജാത, പ്രസീദ, ഫത്തഹുദ്ദീൻ , അമിത് രാജ്, പ്രവിത, ജസീന തുടങ്ങിയവർ സംസാരിച്ചു,

മോഷ്ടിച്ച ബൈക്കിൽ വ്യാജ നമ്പർ പ്ലേറ്റുമായി കറങ്ങി

ഗതാഗത നിയമലംഘനം മോഷ്ടാവിനെ കുടുക്കി

തിരുവനന്തപുരം

മോഷ്ടിച്ച ബൈക്കിൽ വ്യാജ നമ്പർ പ്ലേറ്റ് ഘടിപ്പിച്ച് ഉപയോഗിച്ച മോഷ്ടാവിന് ഗതാഗതനിയമലംഘനം പണിയായി. വ്യാജ നമ്പർ പ്ലേറ്റിലുണ്ടായിരുന്ന രജിസ്ട്രേഷൻ നമ്പരുള്ള വാഹനത്തിന്റെ ഉടമയ്ക്ക് പെറ്റി ലഭിച്ചതിനെ തുടർന്നുള്ള അന്വേഷണത്തിലാണ് പ്രതി പൊലീസ് പിടിയിലായത്. മെഡിക്കൽ കോളേജ് ആശുപത്രിയുടെ പഴയ കാഷ്വാലിറ്റിക്ക് മുമ്പിൽനിന്ന് ബൈക്ക് മോഷ്ടിച്ച നെടുമങ്ങാട് സ്വദേശി അരുണി (30)നെയാണ് മെഡിക്കൽ കോളേജ് പൊലീസ് അറസ്റ്റ്ചെയ്തത്.

നമ്പർ പ്ലേറ്റിലുണ്ടായിരുന്ന രജിസ്ട്രേഷൻ നമ്പരുള്ള വാഹനത്തിന്റെ ഉടമയ്ക്ക് പെറ്റി ലഭിച്ചതിനെ തുടർന്നുള്ള അന്വേഷണത്തിലാണ് പ്രതി പിടിയിലായത്

2022 സെപ്തംബറിലാണ് നെയ്യാറ്റിൻകര സ്വദേശി ബിനീഷിന്റെ ബുള്ളറ്റ് മോഷണം പോയത്. ബൈക്കിന്റെ നമ്പർ പ്ലേറ്റിലെ സ്റ്റിക്കർ ഇളക്കിമാറ്റി എറണാകുളം രജിസ്ട്രേഷനിലുള്ള മറ്റൊരു ബുള്ളറ്റിന്റെ രജിസ്ട്രേഷൻ നമ്പർ പതിപ്പിച്ച് പ്രതി ഉപയോഗിച്ച് എറണാകുളത്തുള്ള വാഹന ഉടമയ്ക്ക് വീട്ടിൽ പെറ്റി ലഭിച്ചതിനെ തുടർന്ന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. എസ്എച്ച്ഒ ഹരിലാൽ, എസ്ഐമാരായ പ്രശാന്ത്, രതീഷ്, പ്രിയ, സീനിയർ സിവിൽ പൊലീസ് ഓഫീസർ ബിജു, സിവിൽ പൊലീസ് ഓഫീസർ അഭിലാഷ് എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

പ്രതി അരുൺ

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.00, 2.30, 6.15, 9.15, 11.59)

ശ്രീ
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

നിള
- പൊന്നിയിൻ സെൽവൻ 2 (T) (11.00)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 6.00, 9.30)

കലാഭവൻ
- പൊന്നിയിൻ സെൽവൻ 2 (11.00, 9.30)
- പാച്ചുവും അത്ഭുതവിളക്കും (2.30, 6.00)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 - 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- പൊന്നിയിൻ സെൽവൻ 2 (6.30, 10.00)
- അനുരാഗം (11.30, 2.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഒഡി 1
- EVIL DEAD RISE (10..30)
- KISI KI BHAI KISI KI JAAN (H) (12.45)
- നീലവെളിച്ചം (4.00, 7.15, 10.30)

ഒഡി 2
- മദനോത്സവം (11.15, 2.00, 4.45, 7.45, 10.55)

ഒഡി 3
- യാനി മുഗുത്താൻ (12.15)
- അടി (2.45, 8.00)
- കായ്പോള (5.30)
- യാതിസായ് (10.45)

ഒഡി 4
- സുലേഖ മൻസിൽ (10.30)
- അയൽവാശി (1.00, 3.15, 8.30, 11.00)
- കഠിനകഠോരം (5.45)

ഒഡി 5
- നീലവെളിച്ചം (11.15)
- കഠിനകഠോരം (2.15, 10.15)
- KISI KI BHAI KISI KI JAAN (H) (5.00)
- EVIL DEAD RISE (8.00)

ഒഡി 6
- കഠിനകഠോരം (10.30)
- EVIL DEAD RISE (1.00, 5.30)
- സുലേഖാ മൻസിൽ (3.00, 7.45, 10.30)

വർക്കല

വിമല
- പാച്ചുവും അത്ഭുതവിളക്കും (11.00, 3.00, 6.30, 9.45)

എസ് ആർ
- പത്താം വളവ് (11.00, 3,00, 6.30, 9.45)

സ്റ്റാർ
- DON (11.00, 3.00, 6.15, 9.30)

വെട്ടുറോഡ്

ഹരിശ്രീ (0471 2755666)
- 2018 (11.15, 2.30, 6.15, 9.30)

വെഞ്ഞാറമൂട്

സിന്ധു സിനിമ
- പൊന്നിയിൻ സെൽവൻ 2 (11.15, 2.30, 6.15, 9.30)

പോത്തൻകോട്

എച്ച് കെ സിനിമാസ് (0471 2715555)
- പൊന്നിയിൻ സെൽവൻ 2 (11.00, 2.30, 6.00, 9.30)

എം ടി സിനി പ്ലക്സ് (2419515)

ടെല 1
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.15, 9.45)

ടെല 2
- EVIL DEAD RISE (11.00, 2.30, 6.30, 9.30)

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- പൊന്നിയിൻ സെൽവൻ 2 (11.00, 230, 6.00, 9.30)

കാട്ടാക്കട

എസ് എൽ സിനിമാസ്

സ്വരം
- 2018 (11.15, 2.30, 6.15, 9.15)

ലയം
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ശ്രീ കാളിദാസ് (9562404499)

ഒഡി 1
- 2018 (4 ഷോ)

ഒഡി 2
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഒഡി 3
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഒഡി 4
- കേരള സ്റ്റോറി 2 (11.00, 9.30)

ഒഡി 5
- വിരുപക്ഷ (6.15, 9.30)
- മദനോത്സവം (6.15,9.30)

ഒഡി 6
- പാച്ചുവും അത്ഭുതവിളക്കും (4 ഷോ)